"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - മാനസിക രോഗത്തിന് ചികിത്സയിലിരിക്കെ രാജി അപേക്ഷ സമർപ്പിച്ച് ജോലിയിൽ നിന്നും പിരിഞ്ഞു പോയ മുൻ സിവിൽ പോലീസ് ഓഫീസർ ശ്രീ.ഗിരീഷ്.ഒ.ജി.യെ ടിയാന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(കൈ) നം.69/2026/HOME തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 27.05.2023 തീയതിയിലെ ഇ4/103781/2022/പി.എച്ച്.ക്യു നമ്പരായ കത്ത്
2. കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 14.10.2024 തീയതിയിലെ എ8-1/10/2024/കെ.പി.എസ്.സി നമ്പരായ കത്ത്
3. സംസ്ഥാന പോലീസ് മേധാവിയുടെ 08.09.2025 തീയതിയിലെ ഇ4-131134/2025/പി.എച്ച്.ക്യു നമ്പരായ കത്ത്

**ഉത്തരവ്**

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തിരുന്ന ശ്രീ.ഗിരീഷ്.ഒ.ജി, സി.പി.ഒ 6874 മാനസിക രോഗത്തിന് ചികിത്സയിൽ ആയിരുന്ന സമയത്ത് ജോലിയിൽ നിന്നും രാജി ആവശ്യപ്പെട്ടു കൊണ്ട് 22.12.2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ അനുവദിച്ച്, തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവിയുടെ 13.04.2022 തീയതിയിലെ DO.No.167/2022/R ഉത്തരവ് പ്രകാരം 15.01.2022 തീയതിയിൽ ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 15.01.2022 AN -ൽ ജോലിയിൽ നിന്നും പിരിഞ്ഞു പോയിരുന്നു. തുടർന്ന്, തനിക്ക് സർവീസിൽ തിരികെ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച കൊണ്ട്, ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ റിപ്പോർട്ട്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ശ്രീ.ഗിരീഷ്.ഒ.ജി. 17.05.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ പരാമർശം 1 പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പോലീസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങളുടെ ഉപയോഗം ഉൾപ്പെടെ സെൻസിറ്റീവ് ചുമതലകൾ നിർവഹിക്കേണ്ടി വരുമെന്നും, തുടർച്ചയായ പൊതുജന സമ്പർക്കവും അച്ചടക്കവും, നിയമപാലനവും അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ

അപേക്ഷകൻ പോലീസ് നിയമനത്തിന് യോഗ്യനല്ലെന്നും, എന്നാൽ ഏതെങ്കിലും നിരായുധരായ സിവിൽ വകുപ്പിലേക്ക് ടിയാനെ പരിഗണിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിരുന്നു.

2. കെ.എസ്.ആർ. ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം 1(d), സർക്കാർ തീരുമാനം- 2 എന്നിവ പ്രകാരം രാജി അനുവദിച്ച അധികാരിക്കാണ്, ധന വകുപ്പിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അനുമതിക്ക് വിധേയമായി, രാജി പിൻവലിക്കുവാനുള്ള അപേക്ഷയിൽ അനുകൂലമായോ/പ്രതികൂലമായോ തീരുമാനമെടുക്കുവാനുള്ള പൂർണ അധികാരമുള്ളത്. രാജി പിൻവലിക്കാൻ അനുവദിക്കുക എന്നത് രാജി അനുവദിച്ച തസ്തികയിലേയ്ക്ക് പുനഃനിയമനം നല്കുന്നതായാണ് കണക്കാക്കുന്നത്. ഒരു സർക്കാർ വകുപ്പിൽ ലഭിച്ച നിയമനത്തിൽ നിന്നും അംഗീകൃത രാജി നേടി പിരിഞ്ഞു പോയവരെ മറ്റൊരു സർക്കാർ വകുപ്പിൽ പുനർനിയമനത്തിനായി പരിഗണിക്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

3. എന്നാൽ, മാനസിക രോഗം ഒരു ഭിന്നശേഷിത്വമാണെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിയമത്തിന്റെ പട്ടിക പ്രകാരം വ്യക്തമാക്കിയിട്ടുള്ളതിനാൽ ഭിന്നശേഷി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളും അർഹരാണ്. പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം ശ്രീ.ഗിരീഷ്.ഒ.ജി യ്ക്ക് അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും, Rights of Persons with Disability Act 2016 -ലെ Section 20-ൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നത് പ്രകാരം ടി നിയമത്തിന്റെ ആനുകൂല്യം ടിയാൾക്ക് രാജി പരിഗണനയ്ക്ക് വന്ന അവസരത്തിൽ തന്നെ നൽകേണ്ടതായിരുന്നു എന്നും, ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ സർവീസിൽ ചേർന്നതിനുശേഷം disability സംഭവിച്ചാൽ ടിയാളുകളെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും പരാമർശം 2 പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചിരുന്നു.

4. കെ.എസ്.&എസ്.എസ്.ആർ. പാർട്ട്-II ലെ റൂൾ 39 പ്രകാരം, കെ.പി.എസ്.സി. വഴി നിയമനത്തിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളെ ബാധിക്കാതെ ടി നിയമനം ക്രമപ്പെടുത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ശ്രീ.ഗിരീഷ് ഒ. ജി, മുൻ സിപിഒ ആർ 6874 -നെ തൃശ്ശൂർ ജില്ലയിലെ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പുനർനിയമനം നടത്തുന്നതിന് പരിഗണിക്കാവുന്നതാണ് എന്ന് പരാമർശം 3 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക രോഗത്തിന് ചികിത്സയിൽ

ആയിരിക്കവേ 15.01.2022 AN -ൽ രാജി അപേക്ഷ അനുവദിച്ച് ജോലിയിൽ നിന്നും പിരിഞ്ഞു പോയ മുൻ സിവിൽ പോലീസ് ഓഫീസർ ശ്രീ.ഗിരീഷ് ഒ.ജി.യുടെ അഭ്യർത്ഥന പരിഗണിച്ച് ടിയാന്റെ രാജി റദ്ദാക്കുന്നതിന് രാജി അനുവദിച്ച തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവിയ്ക്ക് അനുമതി നൽകിക്കൊണ്ടും, 2016-ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20-ന്റെ പരിരക്ഷ നൽകി, അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട്, പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീ. ഗിരീഷ് ഒ.ജി.ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം

സെക്രട്ടറി, കേരള പി.എസ്.സി, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം

ജില്ല പോലീസ് മേധാവി, തൃശ്ശൂർ റൂറൽ ( സംസ്ഥാന പോലീസ് മേധാവി മുഖേന)

ശ്രീ.ഗിരീഷ് ഒ.ജി, മുൻ സി.പി.ഒ 6874 ( സംസ്ഥാന പോലീസ് മേധാവി മുഖേന)

ധനകാര്യ വകുപ്പ് (18.12.2025 തീയതിയിലെ EXP-A4/294/2023/FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം )

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (25.09.2023 തീയതിയിലെ ADV-A1/281/2023-P&ARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)

സാമൂഹിക നീതി വകുപ്പ് (09.04.2024 തീയതിയിലെ SJD-B1/325/2023-SJD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം )

നിയമ വകുപ്പ് (20.02.2026 തീയതിയിലെ OPN-E1/83/2026-LAW നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം )

കരുതൽ ശേഖരം , ഓഫീസ് കോപ്പി (പി3/112/2023-ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by

Sini George

Date: 12-03-2026 11:20:49

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുഭരണ ( എസ്.സി) വകുപ്പ് (ഇനം 3848, തീയതി 10.03.2026)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. പി3/112/2023/ആഭ്യന്തരം.

ഇനം നം: 3848

വിഷയം : ആഭ്യന്തര വകുപ്പ് - മാനസിക രോഗത്തിന് ചികിത്സയിലിരിക്കെ രാജി അപേക്ഷ സമർപ്പിക്കുകയും 15.01.2022-ൽ ജോലിയിൽ നിന്നും പിരിഞ്ഞു പോവുകയും ചെയ്ത മുൻ സി.പി.ഒ. ശ്രീ. ഗിരീഷ് ഒ.ജി.-യെ ടിയാന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത്.

തീരുമാനം : ശ്രീ. ഗിരീഷ് ഒ.ജി.യുടെ രോഗവിവരം സൂചിപ്പിച്ചിട്ടുള്ള "Schizo Affective Disorder Depressive type" എന്നത് ഒഴിവാക്കി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3848

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽനമ്പർ | പി3/112/2023/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (പി) വകുപ്പ് |
| 3 | വിഷയം | മാനസിക രോഗത്തിന് ചികിത്സയിലിരിക്കെ രാജി അപേക്ഷ സമർപ്പിക്കുകയും 15.01.2022-ൽ ജോലിയിൽ നിന്നും പിരിഞ്ഞു പോവുകയും ചെയ്ത മുൻ സി.പി.ഒ ശ്രീ ഗിരീഷ് ഒ.ജി .യെ ടിയാന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/02/2026 |
| 5 | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സംഗീത ടി എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മാനസികരോഗത്തിന് (Schizo Affective Disorder Depressive type) ചികിത്സയിലിരിക്കെ രാജി അപേക്ഷ സമർപ്പിക്കുകയും 15.01.2022-ൽ ജോലിയിൽ നിന്നും പിരിഞ്ഞുപോകുകയും ചെയ്ത മുൻ സി.പി.ഒ 6874 ശ്രീ ഗിരീഷ് ഒ.ജി.യെ ടിയാന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം

2)ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തിരുന്ന ശ്രീ.ഗിരീഷ് .ഒ.ജി, സി.പി.ഒ 6874 മ ാനസിക രോഗത്തിന് (Schizo Affective Disorder Depressive type) ചികിത്സയിൽ ആയിരുന്ന സമയത്ത് ജോലിയിൽ നിന്നും രാജി ആവശ്യപ്പെട്ടു കൊണ്ട് 22.12.2021 തീയതിയിൽ അപേക്ഷ സമർപ്പിച്ചു. തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവിയുടെ 13.04.2022 തീയതിയിലെ DO No.167/2022/R ഉത്തരവ് പ്രകാരം 15.01.2022 യിൽ ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്നതിന് അനുമതി നൽക ിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 15.01.2022 AN -ൽ ജോലിയിൽ നിന്നും പിരിഞ്ഞു പോകുകയും ചെയ്തിരുന്നു. സർവീസിൽ തിരികെ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ റിപ്പോർട്ട് , ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ശ്രീ ഗിരീഷ്. ഒ ജി 17.05.2022-ൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3) പോലീസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങളുടെ ഉപയോഗം ഉൾപ്പെടെ സെൻസിറ്റീവ് ചുമതലകൾ നിർവഹിക്കേണ്ടി വരുമെന്നും തുടർച്ചയായ പൊതുജന സമ്പർക്കവും അച്ചടക്കവും, നിയമപാലനവും അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ അപേക്ഷകൻ പോലീസ് നിയമനത്തിന് യോഗ്യനല്ലെന്നും എന്നാൽ ഏതെങ്കിലും നിരായുധരായ സിവിൽ വകുപ്പിലേക്ക് ടിയാനെ പരിഗണിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശ കത്ത് പ്രകാരം അറിയിച്ചിരുന്നു.

4)കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം 1(d), സർക്കാർ തീരുമാനം- 2 എന്നിവ പ്രകാരം രാജി അനുവദിച്ച അധികാരിക്കാണ്, ധന വകുപ്പിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അനുമതിക്ക് വിധേയമായി, രാജി പിൻവലിക്കുവാനുള്ള അപേക്ഷയിൽ അനുകൂലമായോ/പ്രതികൂലമായോ തീരുമാനമെടുക്ക ുവാനുള്ള പൂർണ അധികാരമുള്ളത്. രാജി പിൻവലിക്കാൻ അനുവദിക്കുക എന്നത് രാജി അനുവദിച്ച തസ്തികയിലേയ്ക്ക് പുനഃനിയമനം നല്കുന്നതായാണ് കണക്കാക്കുന്നത്.

5)അപേക്ഷകനെ ഏതെങ്കിലും നിരായുധരായ സിവിൽ വകുപ്പിലേക്ക് പരിഗണിക്കാനാകുമോ എന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"ഒരു സർക്കാർ വകുപ്പിൽ ലഭിച്ച നിയമനത്തിൽ നിന്നും അംഗീകൃത രാജി നേടി പിരിഞ്ഞു പോയവരെ മറ്റൊരു സർക്കാർ വകുപ്പിൽ പുനർനിയമനത്തിനായി പരിഗണിക്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല എന്നറിയിക്കുന്നു."

6)ശ്രീ ഗിരീഷ്. ഒ ജി യ്ക്ക് പുനർ നിയമനം നൽകുന്നത് സംബന്ധിച്ച് സാമൂഹികനീതി വകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്.

*"മാനസിക രോഗം ഒരു ഭിന്നശേഷിത്വമാണെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിയമത്തിന്റെ പട്ടിക പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഭിന്നശേഷി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളും അർഹരാണ്. അതിന്റെ അടിസ്ഥാനത്തിൽ ടി 20-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ടി മുൻ പോലീസ് ഓഫീസർ ശ്രീ. ഗിരീഷ് ഒ.ജി.യ്ക്ക് അർഹതയുണ്ടായിരുന്നിട്ടും, 15.01.2022-ൽ ടിയാനെ അത്തരം നിയമത്തിന്റെ ഒരു ആനുകൂല്യം പോലീസ് വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മറ്റ് ഏതെങ്കിലും അഭ്യുദയകാംക്ഷിയോ ടിയാനെ പറഞ്ഞ് ബോധിപ്പിക്കുവാൻ ശ്രമിക്കാതെ ടിയാനിൽ നിന്നും രാജി വച്ച് കൊണ്ടുള്ള കത്ത് ലഭിച്ചപ്പോൾ അത് ലാഘവത്തോടെ കൈകാര്യം ചെയ്തത് തീർച്ചയായും ടിയാന്റെ ഭിന്നശേഷി അവകാശത്തിന്റെ ലംഘനമാണ്, അതിനാൽ ശ്രീ. ഗിരീഷ് തന്റെ രാജി പിൻവലിക്കുന്നതിന് തയ്യാറായി വന്നിരിക്കുന്നതിനാൽ അപ്രകാരം രാജി പിൻവലിക്കുന്നതിന് ഒരു അവസരം നൽകേണ്ടതും, ഒരു hearing നു അവസരം നൽകി ടി 20-ാം വകുപ്പിന്റെ പരിരക്ഷ നൽകി ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ടിയാന്റെ മാനസിക ശാരീരിക ആരോഗ്യ നില കൂടി പരിഗണിച്ച് അനുയോജ്യമായ തസ്തികയിൽ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതിൽ ഭരണ വകുപ്പിനു ഉചിതമായ തീരുമാനം എടുക്കാവുന്നതും കൂടാതെ സർവ്വീസിൽ നിന്നും വിട്ടു നിന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ധനകാര്യം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്."*

7)ഈ വിഷയത്തിൽ കേരള പബ്ലിക്ക് കമ്മീഷൻ ഇപ്രകാരം ഉപദേശം ലഭ്യമാക്കിയിരിക്കുന്നു.

*"പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം ശ്രീ ഗിരീഷ് ഒ.ജി അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന്*

*സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു. RPWD Act 2016 –ലെ Section 20–ൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നത് പ്രകാരം ടി നിയമത്തിന്റെ ആനുകൂല്യം ടിയാൾക്ക് രാജി പരിഗണനയ്ക്ക് വന്ന അവസരത്തിൽ തന്നെ നൽകേണ്ടതായിരുന്നു എന്നും, ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ സർവീസിൽ ചേർന്നതിനുശേഷം disability സംഭവിച്ചാൽ ടിയാളുകളെ rehabilitate ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നുള്ള വസ്തുത കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. "*

8) കെ.എസ്.&എസ്.എസ്.ആർ. പാർട്ട്–II ലെ റൂൾ 39 പ്രകാരം, കെ.പി.എസ്.സി വഴി നിയമനത്തിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളെ ബാധിക്കാതെ ടി നിയമനം ക്രമപ്പെടുത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ശ്രീ. ഗിരീഷ് ഒ. ജി, മുൻ സിപിഒ ആർ 6874 –നെ തൃശ്ശൂർ ജില്ലയിലെ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പുനർനിയമനം നടത്തുന്നതിന് പരിഗണിക്കാവുന്നതാണ് എന്ന് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്.

9)സർവീസിൽ തിരികെ നിയമനം നൽകണമെന്നുള്ള ശ്രീ ഗിരീഷ് .ഒ.ജി , മുൻ സി.പി.ഒ 6874 യുടെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്തിമ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"ശ്രീ. ഗിരീഷ് ഒ.ജി സമർപ്പിച്ച രാജി റദ്ദാക്കുന്ന കാര്യത്തിൽ പ്രാപ്തനായ അധികാരി തീരുമാനം എടുക്കേണ്ടതാണ്. രാജി റദ്ദാക്കുന്ന പക്ഷം ടിയാന് Rights of persons with Disabilities Acts 2016 വകുപ്പ് 20 ന്റെ പരിരക്ഷ നൽകി ശ്രീ.ഗിരീഷ് ഒ.ജി അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട് പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതാണ്. അതിനായി ശ്രീ.ഗിരീഷ് ഒ.ജി ക്ക് വേണ്ടി ക്ലാർക്കിന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. സിവിൽ പോലീസ് തസ്തികയിൽ ശമ്പളം വാങ്ങി വരുന്ന ആളിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനേക്കാൾ, ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതാണ് സർക്കാരിന് ആദായകരം എന്നതിനാലാണ് ക്ലാർക്ക് തസ്തികയിൽ നിയമിക്കാൻ ധന വകുപ്പ് നിർദ്ദേശിക്കുന്നത് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."*

10)ശ്രീ. ഗിരീഷ് ഒ.ജി സമർപ്പിച്ച രാജി റദ്ദാക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതിനും, രാജി റദ്ദാക്കുന്ന പക്ഷം ടിയാന് Rights of persons with Disabilities Acts 2016 ചട്ടം 20 ന്റെ പരിരക്ഷ നൽകി ശ്രീ.ഗിരീഷ് ഒ.ജി അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട് പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുന്നതും സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക്

ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവായിരുന്നു.

11) ചീഫ് സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം ഈ വിഷയത്തിൽ അക്കൗണ്ടന്റ് ജനറലിന്റെയും, നിയമ വകുപ്പിന്റെയും അഭിപ്രയം തേടുകയുണ്ടായി.

12) ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്.

"മാനസിക രോഗം ഒരു ഭിന്നശേഷിത്വമാണെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിയമത്തിന്റെ പട്ടിക പ്രകാരം വ്യക്തമാക്കിയിട്ടുണ്ട് എന്നും അതിനാൽ ഭിന്നശേഷി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളും അർഹരാണ് എന്നും അതിന്റെ അടിസ്ഥാനത്തിൽ ടി 20-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ടി മുൻ പോലീസ് ഓഫീസർ ശ്രീ. ഗിരീഷ് ഒ.ജി.യ്ക്ക് അർഹതയുണ്ടായിരുന്നു എന്നും ടി 20-ാം വകുപ്പിന്റെ പരിരക്ഷ ടിയാന് നൽകണമെന്നുമാണ് ഈ വിഷയത്തിൽ സാമൂഹികനീതി വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നു.

പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം ശ്രീ ഗിരീഷ് ഒ.ജി അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് പി.എസ്.സി അറിയിച്ചിട്ടുള്ളതായും കാണുന്നു.

ശ്രീ. ഗിരീഷ് ഒ.ജി സമർപ്പിച്ച രാജി റദ്ദാക്കുന്ന കാര്യത്തിൽ പ്രാപ്തനായ അധികാരി തീരുമാനം എടുക്കേണ്ടതാണ് എന്നും രാജി റദ്ദാക്കുന്ന പക്ഷം ടിയാന് Rights of persons with Disabilities Acts 2016 ചട്ടം 20 ന്റെ പരിരക്ഷ നൽകി ശ്രീ.ഗിരീഷ് ഒ.ജി അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട് പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതാണ് എന്നും അതിനായി ശ്രീ ഗിരീഷ് ഒ.ജി ക്ക് വേണ്ടി ക്ലാർക്കിന്റെ ഒരു സൂപ്പർന്യൂമററി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു എന്നും ധനകാര്യ വകുപ്പ് അഭിപ്രായം നൽകിയതായും കാണുന്നു.

Rights of persons with Disabilities Acts 2016 ചട്ടം 20(4) ന്റെ പരിരക്ഷനൽകി, പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം, കെ.എസ്.&എസ്.എസ്.ആർ. പാർട്ട്-II ലെ റൂൾ 39 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് നോട്ട്#143 ൽ ധനകാര്യവകുപ്പ അഭിപ്രായപ്പെട്ട വിധത്തിൽ ശ്രീ. ഗിരീഷ് ഒ.ജി -യെ സർവീസിൽ പുനഃ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് ഉചിതതീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".

*13)ഭരണപരമായ കാര്യങ്ങളിലേയും പോളിസി കാര്യങ്ങളിലേയും തീരുമാനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉപദേശം നൽകുന്നത് ആ*

*ഓഫീസിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടതല്ലെന്നും, ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ ചട്ട പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്നും അക്കൗണ്ടന്റ് ജനറൽ, കേരള അറിയിച്ചിട്ടുണ്ട്.*

## <u>തീരുമാനിക്കേണ്ട വിഷയം</u>

മാനസിക രോഗത്തിന് (Schizo Affective Disorder Depressive type) ചികിത്സയിൽ ആയിരിക്കവേ 15.01.2022 AN -ൽ രാജി അപേക്ഷ അനുവദിച്ച് ജോലിയിൽ നിന്നും പിരിഞ്ഞു പോയ മുൻ സിവിൽ പോലീസ് ഓഫീസർ ശ്രീ.ഗിരീഷ് ഒ.ജിയുടെ അഭ്യർത്ഥന പരിഗണിച്ച് ടിയാന്റെ രാജി റദ്ദാക്കി**,** 2016-ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20 ന്റെ പരിരക്ഷ നൽകി, അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട്, പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീ ഗിരീഷ് ഒ.ജി. ക്ക് നിയമനം നല്കാവുന്നതാണോ **?**

| GOVERNMENT OF KERALA<br>(SHRI.PINARAYI VIJAYAN MINISTRY)<br>NOTE FOR COUNCIL OF MINISTERS | | |
|---|---|---|
| 1 | File Number | P3/112/2023-HOME |
| 2 | Department | Home (P) Department |
| 3 | Subject | Reinstating Sri. Gireesh O.G former CPO 6874 into service based on his request, who was resigned on 15.01.2022 after submitting a resignation request while undergoing treatment for mental illness - Regarding |
| 4 | Date of Chief Minister's order for placing before the Council | 14/02/2026 |
| 5 | (i) Does the case involve financial commitments/implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | ~~No~~ Yes |
| 7 | Name of Joint Secretary who submitted the Draft Note | Sangeetha T.S |
| 8 | Name of Additional Chief Secretary who approved the Draft Note | Bishwanath Sinha |
| 9 | Date of Approval of the Draft Note for the Council by the Additional Chief Secretary | 25/2/'26 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 2.3.26 |
| 12 | Name of Minister who approved the Draft Note | Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | 4.3.26 |
| 14 | Date of submission of fair copies | 4.3.26. |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O./ letter communicating the decision. | |

# DRAFT NOTES FOR COUNCIL OF MINISTERS

This note deals with the matter of reinstating Sri Gireesh O.G. , Former CPO 6874 into service based on his request, who was resigned on 15.01.2022 AN after submitting a resignation request while undergoing treatment for Mental illness.

2) Sri Gireesh O.G. (CPO 6874), who was working at the Irinjalakuda Police Station, submitted a resignation request on 22.12.2021 while undergoing treatment for mental health condition (Schizoaffective Disorder, Depressive type). Subsequently, as per DO No. 167/2022/R dated 13.04.2022 of District Police Chief, Thrissur Rural, permission was granted for his resignation with effect from 15.01.2022, and he was relieved from duty on 15.01.2022 AN accordingly.The State Police Chief has reported that Shri Gireesh O.G. submitted an application dated 17.05.2022 requesting reinstatement into service, along with a medical report and fitness certificate.

3) The State Police Chief has reported that policing involves sensitive duties including use of weapons and since it demand continuous public interface, discipline, and conformity to law, hence the applicant is not fit for re-appointment in Police Service. However, it has further been reported that, if

found suitable, his application may be considered for a post in any of the unarmed civil departments.

4)As per Government Decision 1(d) and Government Decision 2 under Rule 23, Part I of the Kerala Service Rules (KSR), the authority those who accepted resignation is vested with the full power to take a favorable or unfavorable decision on an application to withdraw said resignation, subject to the concurrence of the Finance Department and the Kerala Public Service Commission. Allowing of the withdrawal of a resignation is treated as granting re-appointment to the post from which the incumbent had resigned.

5) The Personnel and Administrative Reforms Department (P&ARD) has expressed the following opinion regarding, considering the applicant for a post in any of the un-armed civil departments.

**"ഒരു സർക്കാർ വകുപ്പിൽ ലഭിച്ച നിയമനത്തിൽ നിന്നും അംഗീകൃത രാജി നേടി പിരിഞ്ഞു പോയവരെ മറ്റൊരു സർക്കാർ വകുപ്പിൽ പുനർനിയമനത്തിനായി പരിഗണിക്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല എന്നറിയിക്കുന്നു."**

6)The opinion of the Social Justice Department regarding the reinstatement of Shri Gireesh O.G. is below;

'മാനസിക രോഗം ഒരു ഭിന്നശേഷിത്വമാണെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിയമത്തിന്റെ പട്ടിക പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഭിന്നശേഷി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളും അർഹരാണ്. അതിന്റെ അടിസ്ഥാനത്തിൽ ടി 20-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ടി മുൻ പോലീസ് ഓഫീസർ ശ്രീ. ഗിരീഷ് ഒ.ജി.യ്ക്ക് അർഹതയുണ്ടായിരുന്നിട്ടും 15.01.2022-ൽ ടിയാനെ അത്തരം നിയമത്തിന്റെ ഒരു ആനുകൂല്യം പോലീസ് വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മറ്റ് ഏതെങ്കിലും അഭ്യുദയകാംക്ഷിയോ ടിയാനെ പറഞ്ഞ് ബോധിപ്പിക്കുവാൻ ശ്രമിക്കാതെ ടിയാനിൽ നിന്നും രാജി വച്ച് കൊണ്ടുള്ള കത്ത് ലഭിച്ചപ്പോൾ അത് ലാഘവത്തോടെ കൈകാര്യം ചെയ്തത് തീർച്ചയായും ടിയാന്റെ ഭിന്നശേഷി അവകാശത്തിന്റെ ലംഘനമാണ്, അതിനാൽ ശ്രീ. ഗിരീഷ് തന്റെ രാജി പിൻവലിക്കുന്നതിന് തയ്യാറായി വന്നിരിക്കുന്നതിനാൽ അപ്രകാരം രാജി പിൻവലിക്കുന്നതിന് ഒരു അവസരം നൽകേണ്ടതും, ഒരു hearing ന അവസരം നൽകി ടി 20-ാം വകുപ്പിന്റെ പരിരക്ഷ നൽകി ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ടിയാന്റെ മാനസിക ശാരീരിക ആരോഗ്യ നില കൂടി പരിഗണിച്ച് അനുയോജ്യമായ തസ്തികയിൽ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതിൽ ഭരണ വകുപ്പിനു ഉചിതമായ തീരുമാനം എടുക്കാവുന്നതും കൂടാതെ സർവ്വീസിൽ നിന്നും വിട്ടു നിന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ധനകാര്യം, ഉദ്യോഗസ്ഥ

Note #43

ഭരണപരിഷ്കാരം എന്നീ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്."

7)The Kerala Public Service Commission has provided the following advice on this matter;

"പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം ശ്രീ ഗിരീഷ് ഒ.ജി അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു. RPWD Act 2016 -ലെ Section 20-ൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നത് പ്രകാരം ടി നിയമത്തിന്റെ ആനുകൂല്യം ടിയാൾക്ക് രാജി പരിഗണനയ്ക്ക് വന്ന അവസരത്തിൽ തന്നെ നൽകേണ്ടതായിരുന്നു എന്നും, ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ സർവീസിൽ ചേർന്നതിനുശേഷം disability സംഭവിച്ചാൽ ടിയാളുകളെ rehabilitate ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നുള്ള വസ്തുത കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു". CF P-19

8)The State Police Chief has recommended that, as per Rule 39 of KS&SSR Part-II, Shri Gireesh O.G. (former CPO R 6874) may be considered for re-appointment to the post of Office Attendant in Thrissur district under the Compassionate Appointment Scheme, subject to the condition that such CF P-55

appointment shall be regularized without affecting the vacancies reported to the KPSC for recruitment.

9)The final opinion of the Finance Department regarding the consideration of the application submitted by Shri Gireesh O.G., former CPO 6874, for reinstatement into service is furnished below;

*"ശ്രീ. ഗിരീഷ് ഒ.ജി സമർപ്പിച്ച രാജി റദ്ദാക്കുന്ന കാര്യത്തിൽ പ്രാപ്തനായ അധികാരി തീരുമാനം എടുക്കേണ്ടതാണ്. രാജി റദ്ദാക്കുന്ന പക്ഷം ടിയാന് Rights of persons with Disabilities Acts 2016 ചട്ടം 20 ന്റെ പരിരക്ഷ നൽകി ശ്രീ.ഗിരീഷ് ഒ.ജി അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട് പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതാണ്. അതിനായി ശ്രീ ഗിരീശ് ഒ.ജി ക്ക് വേണ്ടി ക്ലാർക്കിന്റെ ഒരു സൂപ്പർന്യൂമററി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. സിവിൽ പോലീസ് തസ്തികയിൽ ശമ്പളം വാങ്ങി വരുന്ന ആളിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനേക്കാൾ, ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതാണ് സർക്കാരിന് ആദായകരം എന്നതിനാലാണ് ക്ലാർക്ക് തസ്തികയിൽ നിയമിക്കാൻ ധന വകുപ്പ് നിർദ്ദേശിക്കുന്നത് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."*

Note #143

10) When the file was circulated to the Hon'ble Chief Minister for orders regarding the cancellation of the resignation submitted by Shri Gireesh

O.G., and in the event of such cancellation, to re-appoint him to the post of Clerk within the Police Department itself by protecting his last drawn salary under the provisions of Section 20 of the Rights of Persons with Disabilities Act, 2016, it was ordered to place the matter before the Cabinet for consideration.

11) As per the order of the Chief Secretary, the opinion of the Accountant General and the Law Department was sought on this matter.

12) The opinion of the Law Department is as follows.

"മാനസിക രോഗം ഒരു ഭിന്നശേഷിത്വമാണെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിയമത്തിന്റെ പട്ടിക പ്രകാരം വ്യക്തമാക്കിയിട്ടുണ്ട് എന്നും അതിനാൽ ഭിന്നശേഷി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളും അർഹരാണ് എന്നും അതിന്റെ അടിസ്ഥാനത്തിൽ ടി 20-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ടി മുൻ പോലീസ് ഓഫീസർ ശ്രീ. ഗിരീഷ് ഒ.ജി.യ്ക്ക് അർഹതയുണ്ടായിരുന്നു എന്നും ടി 20-ാം വകുപ്പിന്റെ പരിരക്ഷ ടിയാന് നൽകണമെന്നുമാണ് ഈ വിഷയത്തിൽ സാമൂഹികനീതി വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നത്.

പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം ശ്രീ ഗിരീഷ് ഒ.ജി അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന്

സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് പി.എസ്.സി അറിയിച്ചിട്ടുള്ളതായും കാണുന്നു.

ശ്രീ. ഗിരീഷ് ഒ.ജി സമർപ്പിച്ച രാജി റദ്ദാക്കുന്ന കാര്യത്തിൽ പ്രാപ്തനായ അധികാരി തീരുമാനം എടുക്കേണ്ടതാണ് എന്നും രാജി റദ്ദാക്കുന്ന പക്ഷം ടിയാന് Rights of persons with Disabilities Acts 2016 ചട്ടം 20 ന്റെ പരിരക്ഷ നൽകി ശ്രീ.ഗിരീഷ് ഒ.ജി അവസാനം വാങ്ങിയ ശമ്പളം സംരക്ഷിച്ച് കൊണ്ട് പോലീസ് വകുപ്പിൽ തന്നെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതാണ് എന്നും അതിനായി ശ്രീ ഗിരീശ് ഒ.ജി ക്ക് വേണ്ടി ക്ലാർക്കിന്റെ ഒരു സൂപ്പർന്യൂമററി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു എന്നും ധനകാര്യ വകുപ്പ് അഭിപ്രായം നൽകിയതായും കാണുന്നു.

Rights of persons with Disabilities Acts 2016 ചട്ടം 20(4) ന്റെ പരിരക്ഷനൽകി, പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ബാധിക്കാത്ത വിധം, കെ.എസ്.&എസ്.എസ്.ആർ. പാർട്ട്-II ലെ റൂൾ 39 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് നോട്ട്#143 ൽ ധനകാര്യവകുപ്പ അഭിപ്രായപ്പെട്ട വിധത്തിൽ ശ്രീ. ഗിരീഷ് ഒ.ജി -യെ സർവീസിൽ പുനഃ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് ഉചിതതീരുമാനം കൈക്കൊള്ളാവുന്നതാണ്എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".

13) The Accountant General, Kerala has informed that advice on matters of policy and administrative decisions is beyond the mandate of this and Govt. may adhere to the extent rule provisions applicable to the matter.

CF p-57

## **Points for Decision**

Whether the resignation granted to Sri.Gireesh O.G.w.e.f 15.01.2022 AN while undergoing treatment for mental illness (Schizoaffective Disorder, Depressive type) may be cancelled based on his request and he may be re-appointed to the post of Clerk within the Police Department itself by creating a supernumerary post, protecting his last drawn salary under the provisions of Section 20 of the Rights of Persons with Disabilities Act, 2016?

24/2/26

24/02/2026

24.02.26